(ബി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഫയർഫോഴ്സ് ബുദ്ധിമുട്ട് അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദുരന്ത നിവാരണ ഉപകരണങ്ങൾ വാങ്ങുന്നതിനും, ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പരിശോധിച്ചുവരുന്നു. നിലവിൽ ആധുനിക വാഹനങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

അഗ്നിശമന സേനാ നവീകരണം

182 (7745) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിശമന സേനാ വിഭാഗത്തെ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) അതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്മീഷൻ, പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനെ നവീകരിക്കുന്നതിന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഏകാംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി & സി) ഉണ്ട്. ശ്രീ. കെ.എസ്. ജംഗ്പാംഗി, ഐ.പി.എസ്. ചെയർമാനായ ഏകാംഗ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. Risk Management Solutions.inc (RMSI) പഠന റിപ്പോർട്ട് ബ്ലൂപ്രിന്റായി സ്വീകരിച്ച് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകളുടെ എണ്ണം 228 ആക്കുക.

2. അഗ്നിശമന ഉപാധികളുടെ എണ്ണത്തിനും ഉപയോഗത്തിനുമനുസരിച്ച് മാൻ പവർ വർദ്ധിപ്പിക്കുക. അവശ്യസേവനങ്ങൾ അനുയോജ്യമാംവിധം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിന് 4216 പുതിയ തസ്തികകൾ സൃഷ്ടിക്കുക. ഒരു സ്റ്റേഷന് മിനിമം രണ്ട് പമ്പിംഗ് യൂണിറ്റുകളെങ്കിലും ലഭ്യമാക്കുക. മിഡിൽ ലെവൽ/ സൂപ്പർവൈസറി ലെവൽ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുക:

3. 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ നിരാകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 20 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ 2014-2015 വർഷത്തിൽ തന്നെ മാറ്റി പുതിയവ വാങ്ങുകയും ചെയ്യുക.

4. ആധുനിക അഗ്നിശമന ഉപകരണങ്ങൾ രണ്ടു വർഷത്തിനകം തന്നെ വകുപ്പിന് ലഭ്യമാക്കുക.

5. ആസ്ഥാന കാര്യാലയങ്ങൾ സൂപ്പർവൈസറി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുക, കമ്മ്യൂണിക്കേഷൻ വിംഗും കൺട്രോൾ റൂമും ഫയർ പ്രിവൻഷൻ വിംഗും രൂപീകരിക്കുക.

6. കമാന്റന്റ് ജനറലിന്റെ മേൽനോട്ടത്തിൽ ഓപ്പറേഷൻസ്/ അഡ്മിനിസ്ട്രേഷൻ ഡയറക്ടറേറ്റുകൾ രൂപീകരിക്കുക. മിനിസ്റ്റീരിയൽ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുക.

7. എല്ലാ സ്റ്റേഷനുളിലും ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക. ലാന്റ് ലൈൻ ടെലിഫോൺ കണക്ഷനില്ലാത്ത ഓഫീസുകളിൽ ഉടൻ കണക്ഷൻ ലഭ്യമാക്കുക. വകുപ്പിലെ കമ്മ്യൂണിക്കേഷൻ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

8. ഇ-ഗവേണൻസും പൂർണ്ണ കമ്പ്യൂട്ടർവത്കരണവും നടപ്പിലാക്കുക. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ കമ്പ്യൂട്ടർ ലാബ് രൂപീകരിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുക.

9. ഡെലിഗേഷൻ ഓഫ് പവർ വർദ്ധിപ്പിക്കുക. പവർ ഡീസെൻട്രലൈസ് ചെയ്യുക.

10. എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ സ്പെഷ്യൽ അലവൻസുകൾ വർദ്ധിപ്പിക്കുക. ഓപ്പറേഷണൽ ഡ്യൂട്ടിക്ക് പ്രത്യേക യൂണിഫോം പ്രാബല്യത്തിൽ വരുത്തുക.

11. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക.

12. ഡ്യൂട്ടി മീറ്റ് നടത്തുക.

13. സ്ഥലം ലഭ്യമായ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനും എല്ലാ സ്റ്റേഷനുകളോടനുബന്ധിച്ചും ഫാമിലി ക്വാർട്ടേഴ്സ് പണിയുന്നതിനും ഫണ്ട് ലഭ്യമാക്കുക. പണി നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

14. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമി നവീകരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുക.

15. . വകുപ്പിലെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുക. സ്റ്റേഷൻ ഓഫീസറെ ഡ്രോയിംഗ് ഓഫീസറാക്കുക.

16. അഗ്നിശമന രക്ഷാ പ്രവർത്തനങ്ങൾക്ക് പ്രോട്ടോക്കോൾ നടപ്പിലാക്കുക.

17. സേനാംഗങ്ങൾക്ക് നിന്തൽ പരിശീലനം നിർബന്ധമാക്കുക. പ്രൊമോഷൻ കോഴ്സുകൾക്ക് ഓഫീസ് മാനേജ്മെന്റും കമ്പ്യൂട്ടർ പ്രാക്ടിക്കലും വിഷയമാക്കുക.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ആധുനികവൽക്കരിക്കുന്നതിനുള്ള ഏകാംഗ കമ്മീഷൻ ശിപാർശകൾ

183 (7746) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ & ആന്റ് റെസ്ക്യൂ സർവ്വീസസ് ആധുനികവൽക്കരിക്കുന്നതിനുള്ള ഏകാംഗ കമ്മീഷൻ, ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) സേനയെ നവീകരിക്കുന്നതിന് എന്തൊക്കെ പ്രധാന നിർദ്ദേശങ്ങളാണ് സമിതി ശുപാർശ ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ ;

(സി) സമിതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു വരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ജംഗ്പാംഗി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. Risk Management Software.inc (RMSI) പഠന റിപ്പോർട്ട് ബ്ലൂപ്രിന്റായി സ്വീകരിച്ച് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകളുടെ എണ്ണം 228 ആക്കുക.

2. അഗ്നിശമന ഉപാധികളുടെ എണ്ണത്തിനും ഉപയോഗത്തിനുമനുസരിച്ച് മാൻ പവർ വർദ്ധിപ്പിക്കുക. അവശ്യസേവനങ്ങൾ അനുയോജ്യമാംവിധം നൽകുന്നതിന് 4216 പുതിയ തസ്തികകൾ സൃഷ്ടിക്കുക. ഒരു സ്റ്റേഷന് മിനിമം രണ്ട് പമ്പിംഗ് യൂണിറ്റുകളെങ്കിലും ലഭ്യമാക്കുക. മിഡിൽ ലെവൽ/ സൂപ്പർവൈസറി ലെവൽ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുക.

3. 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ നിരാകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 20 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ 2014-15 വർഷത്തിൽ തന്നെ മാറ്റി പുതിയവ വാങ്ങുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly